കാർഷികം

*agriculture*

ഫീച്ചർ കോ-ഓർഡിനേറ്റർ: ശ്രുതി രാജു

# കയറ്റുമതിയിൽ പുതിയ പ്രതീക്ഷകളുമായി നീര




ഡോ. ജോസ് ജോസഫ്

പ്രൊഫസ്സർ & ഹെഡ്

വിജ്ഞാന വ്യാപന വിഭാഗം , കാർഷിക കോളേജ് പടന്നക്കാട്, കാസർകോഡ്


കേരളത്തിലെ 42 ലക്ഷത്തോളം കേരകർഷകർക്ക് ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ നൽകിയ ഏറ്റവും വലിയ സമ്മാനമാണ് തെങ്ങിൽ നിന്നും നീര ചെത്താനുള്ള അനുമതി. അബ്കാരി നിയമത്തിൽ തളച്ചിട്ടിരുന്നതിനാൽ ഈ വർഷം ആദ്യം വരെ നീര ചെത്തി വിൽക്കാൻ കർഷകർക്ക് അനുവാദമില്ലായിരുന്നു. 1981-ലെ അബ്കാരി നിയമം ഭേദഗതി ചെയ്തു കൊണ്ട് ഈ വർഷം ഫെബ്രുവരിയിൽ കേരള സർക്കാർ എടുത്ത തീരുമാനം അക്ഷരാർത്ഥത്തിൽ കേരളത്തിലെ ലക്ഷകണക്കിന് നാളികേര കർഷകരുടെ തലവര മാറ്റിയെഴുതിയിരിക്കുകയാണ്. ചില കർഷകർക്കെങ്കിലും നീരയിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന വരുമാനം ആവേശകരമാണ്. പാലക്കാട് ജില്ലയിൽ കൊല്ലങ്കോടിനു സമീപമുള്ള മുതലമട ചപ്പക്കാട് സ്വദേശി ടോം തോമസിനു പതിനേഴ് തെങ്ങിൽ നിന്നും നീര ചെത്തിയതിൽ നിന്നും മൂന്നു മാസം കൊണ്ടു ലഭിച്ച വരുമാനം ഏകദേശം ഒന്നര ലക്ഷം രൂപയാണ്. അതായത് 17 തെങ്ങിൽ നിന്നും മാസം ശരാശരി 50000 രൂപ.

വ്യവസായിയും മുൻ എയർഫോഴ്സ് ഉദ്യോഗസ്ഥനും കൂടിയായ കരുനാഗപ്പള്ളി സ്വദേശി ചലഞ്ചർ മാധവൻ കുട്ടിക്ക് ഒരു മാസം കൊണ്ട് 35 തെങ്ങിൽ നിന്ന് നീര ചെത്തിയതിന്റെ പ്രതിഫലമായി 87000 രൂപ ലഭിച്ചു. ടോം തോമസിന് ഒരു തെങ്ങിൽ നിന്നും ഒരു ദിവസം ശരാശരി നാലു ലിറ്റർ നീര ലഭിക്കുമ്പോൾ ചലഞ്ചർ മാധവൻ കുട്ടിക്ക് ഒരു തെങ്ങിൽ നിന്നും ഒരു ദിവസം 10 ലിറ്റർ നീര വരെ ലഭിക്കുന്നു. ഒരു ലിറ്റർ നീരക്ക് 100 രൂപയാണ് വിപണി വില. നാളികേര വികസന ബോർഡ് നിശ്ചയിച്ചിരിക്കുന്ന വില ലിറ്ററിന് 50 രൂപയാണ്. ഒരു തെങ്ങിൽ നിന്നും ഒരു ദിവസം ശരാശരി ഒരു ലിറ്റർ നീര ലഭിച്ചാൽ പോലും 10 തെങ്ങുള്ള കർഷകന് ഒരു ദിവസം 500 രൂപയും ഒരു മാസം 15000 രൂപയും വരുമാനം ലഭിക്കും.

മൂന്നു ലിറ്ററിൽ കൂടുതൽ ഒരു തെങ്ങിൽ നിന്നും നീര ചെത്തിയെടുക്കാൻ ഈ വരുമാനം അരലക്ഷം രൂപക്ക് അടുത്തെത്തും. കള്ളു ചെത്താൻ കൊടുത്താൽ ലിറ്ററിന് നാലു രൂപ ലഭിക്കുന്ന സ്ഥാനത്താണ് വരുമാനത്തിലുള്ള ഈ വൻ കുതിച്ചു കയറ്റം. നാളികേര ഉത്പാദക സൊസൈറ്റികൾ, നാളികേര ഉത്പാദക ഫെഡറേഷനുകൾ, കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന കോർപ്പറേഷൻ തുടങ്ങി ഏഴോളം ഏജൻസികൾക്കാണ് നീര ഉത്പാദിപ്പിക്കാനും വിപണനം നടത്താനും സർക്കാർ അനുമതി നൽകിയിരിക്കുന്നത്. നാളികേര ഉത്പാദന സൊസൈറ്റികൾ, ഉത്പാദക ഫെഡറേഷനുകൾ, ഉത്പാദക കമ്പനികൾ എന്നിങ്ങനെ കർഷക പങ്കാളിത്തത്തോടെയുള്ള ഒരു ത്രിതല ഉത്പന്നങ്ങളുടെയും ഉത്പാദനത്തിനും വിപണനത്തിനുമായി നാളികേര വികസന ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. ഒന്നര ലക്ഷത്തോളം നാളികേര കർഷകർ അംഗങ്ങളായ 5400-ലേറെ നാളികേരോത്പാദക സൊസൈറ്റികൾ കേരളത്തിൽ പ്രവർത്തിക്കുന്നു. പ്രാഥമിക നാളികേര ഉത്പാദക സംഘങ്ങൾ ചേർന്ന് ഫെഡറേഷനുകൾ ചേർന്ന് നാളികേര ഉത്പാദക കമ്പനികൾ എന്നിങ്ങനെയാണ് ഈ ത്രിതല സംവിധാനം. കേരളത്തിൽ നീരയുടെയും നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെയും ഉത്പാദനത്തിനും വിപണനത്തിനുമായി 14 നാളികേര ഉത്പാദക കമ്പനികൾ രൂപം കൊണ്ടിട്ടുണ്ട്. കണ്ണൂർ ചെറുപുഴ



മേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ് കേരളത്തിലെ ആദ്യത്തെ നാളികേര ഉത്പാദക കമ്പനി. വിരിയാത്ത പൂങ്കുലയിൽ നിന്നും ചെത്തിയെടുക്കുന്ന മദ്യാംശം തീരെയില്ലാത്ത കേരസത്താണ് നീര. മധുരക്കള്ളെന്നും അറിയപ്പെടുന്നു. നീര പുളിക്കുമ്പോഴാണ് കള്ളായി മാറുന്നത്. സൂക്ഷ്മാണുക്കളുടെ പ്രവർത്തനം കൊണ്ടാണിത്. ഇതു തടഞ്ഞാൽ നീര സംസ്കരിച്ച് കേടു കൂടാതെ ദീർഘകാലം സൂക്ഷിക്കാം. മധുരക്കള്ള് പുളിക്കാതെ സൂക്ഷിക്കുന്നതിനുള്ള നിരവധി സാങ്കേതിക വിദ്യകൾ ലഭ്യമാണ്.

കേരള കാർഷിക സർവ്വകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ച് നീര ഫ്രിഡ്ജിൽ മൂന്നുമാസം വരെ കേടില്ലാതെ സൂക്ഷിക്കാം. കേരാമൃതം എന്നാണ് ഈ ഉത്പന്നത്തിന്റെ പേര്.

പുളിക്കൽ പ്രക്രിയ തടയുന്ന ജൈവ സംയുക്തമാണ് നാളികേര വികസന ബോർഡിന്റെ സൗത്ത് വാഴക്കുളത്തുള്ള സാങ്കേതിക വികസന കേന്ദ്രം വികസിപ്പിച്ചെടുത്ത നീര സാങ്കേതിക വിദ്യയിൽ ഉപയോഗിക്കുന്നത്. സാധാരണ അന്തരീക്ഷ ഊഷ്മാവിൽ മൂന്നു മാസവും ശീതികരിച്ചാൽ ആറു മാസവും സൂക്ഷിക്കാവുന്ന സാങ്കേതിക വിദ്യയാണ് നാളികേര വികസന ബോർഡിന്റെ സ്പോൺസർഷിപ്പോടെ നടത്തിയ ഗവേഷണത്തിൽ കളമശ്ശേരിയിലെ എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഈ നീര സംസ്കരണ വിദ്യയിൽ ഉപയോഗിക്കുന്ന ആന്റി ഫെർമെന്റേഷൻ ലിക്വിഡും ഒരു ജൈവസംയുക്തമാണ്. കാസർഗോഡുള്ള കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനവും മൈസൂരിലെ ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറി സെൻട്രൽ

നീര കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ ഏറ്റവും പ്രിയമുള്ള ആരോഗ്യ പാനീയങ്ങളിലൊന്നാണ് നീര. ഗ്ലൈസമിക് ഇൻഡക്സ് ഏറ്റവും കുറവായതിനാൽ പ്രമേഹരോഗികൾക്കും ഉപയോഗിക്കാം. ഒരു ഫുഡ് സപ്ലിമെന്റായും നീരക്ക് വൻ സാധ്യതകളുണ്ട്.

നല്ല അളവിൽ മാംസ്യം, വൈറ്റമിൻ ബി,സി, ഫോസ്ഫറസ്, സോഡിയം എന്നിവയെല്ലാം നീരയിലുണ്ട്. ശരീരത്തിനാവശ്യമായ ഗ്ലൂട്ടാമിക് ആസിഡ്, നയനരോഗങ്ങൾക്ക് പരിഹാരമായ ഇനാസിറ്റോൾ, എന്നിവയും നീരയിലടങ്ങിയിരിക്കുന്നു. ആസ്ത്മ, ക്ഷയം, മഞ്ഞപ്പിത്തം, ശ്വാസതടസ്സം, മൂത്രതടസ്സം എന്നിവയ്ക്കെല്ലാമെതിരെയുള്ള ഔഷധം കൂടിയാണ് നീര. ഗ്രാമീണ ജനതയുടെ സാമ്പത്തിക ദുരിതങ്ങൾക്ക് അറുതി വരുത്താനുള്ള ഒറ്റമൂലി എന്നാണ് മഹാത്മ ഗാന്ധി നീരക്ക് നൽകിയിരിക്കുന്ന വിശേഷണം. നീരയിൽ നിന്നുള്ള കേരചക്കര, കേരപഞ്ചസാര, എന്നിവക്കും വൻ ഡിമാന്റുണ്ട്.

ഇവക്കും ഗ്ലൈസമിക് ഇൻഡെക്സ് കുറവാണ്. പഞ്ചസാരക്ക് പകരമുള്ള ബദൽ മധുര പദാർത്ഥമെന്ന നിലയിലാണ് ഇവക്ക് പ്രാധാന്യം. കേരളത്തിൽ 18 കോടി തെങ്ങുകളുണ്ടെന്നാണ് നാളികേര വികസന ബോർഡിന്റെ കണക്ക്. ഇതിൽ ഒരു ശതമാനം തെങ്ങുകൾ നീര ചെത്തുവാനായി മാറ്റി വെച്ചാൽ പോലും സംസ്ഥാനത്ത് ഒരു വർഷം 5400 കോടി രൂപയുടെ വരുമാന വർധനവുണ്ടാകും. നീര ചെത്തിയെടുക്കാനും സംസ്ക്കരിക്കുന്നതിനുമായി കുറഞ്ഞത് ഒരു ലക്ഷം പേർക്കെങ്കിലും പുതുതായി തൊഴിൽ ലഭിക്കും.

ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, മലേഷ്യ, ശ്രീലങ്ക, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളാണ് നീരയുടെയും നീര ഉത്പന്നങ്ങളുടെയും കയറ്റു മതിയിൽ മുൻ നിരയിൽ. നാളികേര ഉത്പാദക കമ്പനികളുടെ പ്രവർത്തനം സജീവമാകുന്നതോടെ കേരളത്തിന്റെ നീരക്കും നീര ഉത്പന്നങ്ങൾക്കും കയറ്റു മതിയുടെ പുതിയ വാതിലുകൾ